## പശ്ചിമഘട്ടം: വികസനവാദ ചിന്തകൾ

# വനം മനസ്സിലാണ് ആദ്യം ഉരുവം കൊണ്ടത്

**വികസന മനസ്ഥിതിയും അതിന്റെ പ്രായോഗിക പരിപാടികളും ചേർന്നുള്ളതിനെയാണ് നാമിന്ന് ഭരണനിർവഹണമായി ധരിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനമാകട്ടെ, വികസനാധുനികതയുടെ പ്രകൃതിയും - മനുഷ്യനും എന്ന സവിശേഷമായ വേർതിരിവും അതിലധിഷ്ഠിതമായ പ്രവർത്തന പദ്ധതിയും. അധിനിവേശ സാഹചര്യങ്ങളിൽ ജനതതിയുടെ കാഴ്ചപ്പാടുകളെ, പ്രവർത്തനങ്ങളെ, ജീവിതത്തെ പൂർണ്ണമായും പുനഃസംവിധാനം ചെയ്ത ഈ ആശയത്തിന്റെ സ്വാധീനം പശ്ചിമഘട്ട പ്രാന്തങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല.**

ഡോ. എം. അമൃത്

**മരുഭൂമികൾ** എന്നപോലെത്തന്നെ വനഭൂമികൾ ഉണ്ടാകുന്നതും ആദ്യം മനസ്സിലാണെന്നു കരുതാമോ? ഈ ലേഖനത്തിലൂടെ ഞാൻ പറയാനുദ്യമിക്കുന്നത് ഏറ്റവും ചുരുങ്ങിയവാക്കുകൾ ഉപയോഗിച്ചു പറഞ്ഞാൽ ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. ഇവിടെ വനഭൂമി എന്നുവച്ചാൽ ഇന്നു നിലവിലുള്ള നിയമസംവിധാനത്തിലെ വനഭൂമി; വനപാലകർ അതിരുകാക്കുന്ന, വനം വകുപ്പും വന്യജീവി പാലകരും 'ശാസ്ത്രീയ'മായ ഇടപെടലിലൂടെ 'അഭിവൃദ്ധി'പ്പെടുത്തിക്കൊണ്ടിരിക്കുന്നതായി അവകാശപ്പെടുന്ന, അനുവാദം കൂടാതെ പ്രവേശിക്കുന്നവരെ ഭരണകൂടത്തിന്റെ എല്ലാ സംവിധാനങ്ങളാലും കുറ്റവാളികൾ ആക്കി ചിത്രീകരിക്കുന്ന ചട്ടങ്ങളാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഭൂവിഭാഗം.

ശാസ്ത്രീയമായ ഇടപെടലുകളിലൂടെ പ്രകൃതിയെ പുന:സംഘടിപ്പിക്കുന്ന/ പുനർനിർവചിക്കുന്ന പ്രക്രിയയുടെയും മനോഭാവത്തിന്റെയും ഉത്ഭവത്തെയും അതിന്റെ ലക്ഷ്യങ്ങളെയും അനാവരണം ചെയ്യാനും ശ്രമിക്കുന്നു ഈ കുറിപ്പിലൂടെ.

19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുമായി തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ പരിധിയിൽ നിവസിക്കുന്ന ജനസമൂഹത്തിനെ ഭരണവിധേയരാക്കുന്ന സാഹചര്യത്തിലാണ് ഇനി വിവരിക്കുന്ന സംഭവങ്ങൾ ഉരുത്തിരിയുന്നത്. ഇതിൽ 'ഭരണവിധേയർ' എന്ന വാക്ക് പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണെങ്കിലും അതിന്റെ പരിണതഫലങ്ങളിലേക്ക് താങ്കളുടെ ശ്രദ്ധ പിന്നീട് ക്ഷണിച്ചു കൊള്ളാമെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ.

മേൽ സൂചിപ്പിച്ച കാലഘട്ടത്തിൽ, 1880കളിൽ തിരുവിതാംകൂർ നാട്ടുരാജ്യം കാട്ടിൽ നിന്നുമുള്ള വരുമാനവും അതിന്നടിസ്ഥാനമായ ഉത്പാദന ക്ഷമതയും എപ്രകാരം വർദ്ധിപ്പിക്കാമെന്ന് അന്വേഷിക്കുവാൻ ഒരു കമ്മറ്റിയെ നിയമിക്കുകയുണ്ടായി. കമ്മറ്റി കാടിനെയും അതിലെ വിഭവങ്ങളെയും ഭരണസംവിധാനത്തിൽ ക്രമപ്പെടുത്തുവാൻ ആവശ്യമായ നിയമനിർമ്മാണത്തെ നിർദ്ദേശിച്ചതുകൂടാതെ വനപരിപാലനത്തെ ക്രമീകരിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പഠിച്ചു നിർദ്ദേശങ്ങൾ നൽകുവാൻ ടി.എഫ്. ബോർദില്ലോണെയും ചുമതലപ്പെടുത്തി. ബോർദില്ലോൺ നാണ്യവിളതോട്ട പരിപാലനത്തിൽ വിദഗ്ധ

നെന്നതിനുപരി വനപരിപാലനത്തിൽ തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ മുഖ്യവന പരിപാലകന്റെ സഹായിയായി പ്രായോഗിക പരിചയവും ആർജ്ജിച്ചിരുന്നു. ഏകദേശം അഞ്ചു വർഷത്തെ നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷം ബോർദില്ലോൺ സമർപ്പിച്ച അവലോകനം തിരുവിതാംകൂറിലെ വനപരിപാലനത്തിന്റെ മാത്രമല്ല പരിസ്ഥിതിയുടെയും ചരിത്ര രചനയ്ക്കുമുള്ള ഉപദാനമെന്ന നിലയിൽ ശ്രദ്ധേയമായിത്തുടരുന്നു. എന്നാൽ ഇതിനകം കൊണ്ടാടപ്പെട്ട സൂക്ഷ്മാർത്ഥത്തിലല്ലായെങ്കിലും ബോർദില്ലോണിന്റെ നിരീക്ഷണങ്ങൾ നമ്മുടെ ചർച്ചയെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. ഉദാഹരണത്തിന് തിരുവിതാംകൂറിൽ ശാസ്ത്രീയമായ വന പരിപാലനത്തിന്റെ ആവശ്യകത സൂചിപ്പിക്കുന്ന സന്ദർഭത്തിൽ ഇവിടെ നിലവിലുള്ള ഉത്പാദന സംവിധാനത്തിന്റെ പരിമിതിയെപറ്റി ബോർദില്ലോൺ ഇപ്രകാരം നിരീക്ഷിക്കുന്നു:

“ഉയർന്ന താപനിലയും തുടർച്ചയായ ആർദ്രതയും ഹേതുവായി എല്ലാവിധ സസ്യജാലങ്ങളും നന്നായി വളരുന്നതിനാൽ ഇവിടുത്തെ ജീവിതസാഹചര്യങ്ങൾ വളരെ അനുകൂലമാണ്. മണ്ണിൽ ചെറുതായൊന്നു കോറിയിട്ട് അല്പം നെല്ല് വിതച്ചിട്ടോ മാവിന്റെയോ പ്ലാവിന്റെയോ തെങ്ങിന്റെയോ കുറച്ചു വിത്ത് നട്ടിട്ടോ ഒരാൾക്കിവിടെ ഒൻപത് മാസവും അലസനായിരിക്കാം. ജീവിതാവശ്യങ്ങൾ വളരെയെളുപ്പത്തിൽ നടക്കുമെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്, അതിനാൽത്തന്നെ ദാരിദ്ര്യമുണ്ടെങ്കിലും കഷ്ടപ്പാടില്ല. ജീവിതാവശ്യങ്ങൾ എളുപ്പം സാധിക്കുന്നതിനാൽ ആളുകൾ നിരുൽസാഹികൾ ആയിക്കാണപ്പെടുന്നു. തൊഴിലാളികൾ എന്നനിലയിൽ തിരുവിതാംകൂറിലെ അധ്വാനവർഗ്ഗംതന്നെ വളരെ താഴെക്കിടയിലാണ്, അല്പസമയം നന്നായി അധ്വാനിക്കുമെങ്കിലും തുടർച്ചയായി അധ്വാനിക്കുവാൻ ഇവർക്ക് ശേഷിയില്ല.”

ഒറ്റ നോട്ടത്തിൽ ബോർദില്ലോണിന്റേത് ഇവിടുത്തെ പ്രകൃതിയെ കുറ്റപ്പെടുത്തുന്ന വാക്കുകൾ ആണെന്ന് തോന്നാം. പ്രകൃതി ഇവിടുത്തെ മനുഷ്യ പ്രകൃതിയിൽ അസാധാരണമാംവിധം ആശാസ്യമല്ലാത്ത സ്വാധീനം ചെലുത്തുന്നുവെന്നതിനാൽ. തുടർന്നുള്ള വാദമുഖങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ബോർദില്ലോൺ പ്രകൃതിയെയല്ല കുറ്റപ്പെടുത്തുന്നതെന്നു കാണാം. പ്രകൃതിക്ക് എളുപ്പത്തിൽ വശംവദനായ മനുഷ്യനിലാണ് ധര കുറ്റം കാണുന്നത്. മെച്ചപ്പെട്ടവനപരിപാലനത്തിലൂടെ തിരുവിതാംകൂറിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കുന്ന ബോർദില്ലോൺ കുറ്റപ്പെടുത്തുന്നത് പ്രകൃതിയാൽ മോഹിപ്പിക്കപ്പെട്ടതിനാൽ പ്രാകൃതനായ മനുഷ്യനെയാണ്. ഈ സാഹചര്യത്തെ പരിഷ്കരിച്ചു മനുഷ്യപ്രകൃതിയെ സംസ്കരിച്ചെടുക്കാനുള്ള പദ്ധതിയാണ് തുടർന്ന് ബോർദില്ലോൺ നമുക്ക് മുന്നിൽ വയ്ക്കുന്നത്. പ്രകൃതിക്ക് വശംവദനാകാതെ പ്രകൃതിയുടെ സ്വാധീനങ്ങളിൽ നിന്നും മുക്തിനേടി യുക്തിയുടെയും, ശാസ്ത്രത്തിന്റെയും, വിവേകത്തിന്റെയും വെളിച്ചത്തിൽ പ്രകൃതിയെ പുനരവലോകനം നടത്തുവാനും പ്രകൃതിയിൽ നിന്നും അകലം പാലിച്ചു പ്രകൃതിയെ വിഭവമായി അസംസ്കൃതവസ്തുവായി മാറ്റാനുള്ള പുത്തൻ സങ്കേതങ്ങളെജ്ഞാനവ്യവസ്ഥകളെ സ്വാംശീകരിക്കാനുള്ള പദ്ധതിയിലേക്കുള്ള ക്ഷണപത്രമാണ് ബോർദില്ലോണിന്റേത്. ഒപ്പം തന്നെ ഇനിയും സ്വാംശീകരിച്ചിട്ടില്ലാത്ത ഏറെ ആശാസ്യമായ ഒരു ആയിത്തീരലിലേക്കുള്ള സ്വാഗത സന്ദേശം കൂടിയാണ്. പുതിയ ഒരു കാലക്രമത്തെപ്പറ്റിയുള്ള അറിയിപ്പും ഇത് നൽകുന്നുണ്ട്. എത്തിച്ചേരേണ്ടുന്നതും ആശാസ്യവും ആയ ഭാവിയെക്കുറിച്ചുള്ള അറിയിപ്പുകൾ, വർത്തമാനത്തിന്റെ കുറവുകളെയും അവയുടെ പരിഹാരത്തിനുതകുന്ന സങ്കേതങ്ങളെയും കുറിക്കുന്ന അറിയിപ്പുകൾ. ബോർദില്ലോണിന്റേത് ഒറ്റപ്പെട്ടതോ യാദൃശ്ചികമോ ആയ പ്രസ്താവമല്ല എന്ന് മനസിലാക്കാൻ ഏകദേശം ഇതേകാലത്തെ ഭരണരേഖകൾ പരിശോധിച്ചാൽ മതി; കൃഷിയുടെ, വ്യവസായത്തിന്റെ പുരോഗതിയും അഭിവൃദ്ധിയുമായി ബന്ധപ്പെട്ട സർക്കാർ നയരേഖകളിൽ, കത്തിടപാടുകളിൽ ഇതേ വാദമുഖങ്ങൾ; കുറ്റപ്പെടുത്തലിന്റെ സ്വരങ്ങൾ ആവർത്തിച്ചു കേൾക്കാം. ഈ പുനരാവർത്തനങ്ങൾക്ക് നിയതമായ യുക്തിയുടെയും സ്പഷ്ടമായ പദ്ധതിയുടെയും പശ്ചാത്തലമുണ്ട്. മനുഷ്യപ്രകൃതിയെ നവീകരിക്കുക അതിലൂടെ രാഷ്ട്രത്തിന്റെ പുരോഗതിയും അഭിവൃദ്ധിയും സാദ്ധ്യമാക്കുക എന്ന പുതിയ ആദർശമാണ് ഈ പശ്ചാത്തലം.

ഈ പദ്ധതിയിൽ പ്രകൃതി, വിഭവം ആയി പുനർവിഭാവനം ചെയ്യപ്പെട്ടു. മനുഷ്യൻ പ്രകൃതിയിൽ നിന്നും വിഛേദിക്കപ്പെട്ടു. മനുഷ്യൻ പ്രാകൃത (പ്രകൃതിയോട് ചേർന്ന്) സ്ഥിതിയിൽ നിന്നും സംസ്കാരം കാംക്ഷിക്കുന്നവനുമായിത്തീർന്നു. ഈ പുതിയ മനോഭാവത്തിനെ വികസനാധുനികത എന്ന് വിളിക്കാം[1]. പ്രകൃതിയിൽ നിന്നും വേറിട്ട മനുഷ്യൻ പ്രകൃതിയെ വിഭവമായി പുനരവലോകനം ചെയ്യുന്നു എന്നതാണ് വികസനാധുനികതയുടെ ഉത്തമലക്ഷണം. പരമ്പരാഗത സമൂഹങ്ങളിൽ പ്രകൃതിയും മനുഷ്യനുമെന്ന വേർതിരിവ് ഉണ്ടായിരുന്നില്ല എന്ന് ഇവിടെ വിവക്ഷയില്ല. പക്ഷെ പ്രകൃതിയെ മനുഷ്യന് എതിർനിർത്തുന്ന; പ്രകൃതിയെ പുരോഗതിക്കായി, അഭിവൃദ്ധിക്കായി പുനഃക്രമീകരിക്കേണ്ടുന്ന ഉപഭോഗ വസ്തുവെന്ന കാഴ്ചപ്പാട് വികസനാധുനികതയുടെ നവീനതയായിരുന്നു. ഈ ആധുനികത നമുക്ക് സിദ്ധമായത് അധിനിവേശത്തിന്റെ സാഹചര്യങ്ങളിലാണെന്നത് കൂടുതൽ ശ്രദ്ധയർഹിക്കുന്ന വസ്തുതയാണ്. അധിനിവേശത്തിന്റെ സാഹചര്യങ്ങളിലെ ക്ഷണപത്രങ്ങൾ അധിനിവേശത്തിന്റെ യുക്തിയും അറിവും അസമത്വങ്ങളും നൽകുന്ന സവിശേഷ കർമ്മതക്ഷേത്രത്തിലാണ് പ്രയുക്തമാവുന്നത് എന്നതിനാലാണിത്.

ബോർദില്ലോണിന്റേത് തെറ്റിദ്ധരിക്കാൻ സാദ്ധ്യതയില്ലാത്ത വിധത്തിൽ സുവ്യക്തമായ പദ്ധതിയായിരുന്നു. ‘കാടുകളാൽ മൂടപ്പെട്ടാൽ ഒരു രാജ്യത്തിനും സംസ്കാരികമായ പുരോഗതി നേടാൻ സാദ്ധ്യമല്ല എന്നതിന് പ്രത്യേകിച്ച് തെളിവുകൾ ആവശ്യമില്ല. കാട് തെളിച്ചു പ്രകാശത്തിനും വായു

വിനും പ്രവേശനം നൽകാതെ ഒരു വിളയും സാദ്ധ്യമല്ല, ഇരുണ്ട ആഫ്രിക്കയിലെയും, ആൻഡമാൻ ദ്വീപുകളിലെയും, ബ്രസീലിലെയും പോലെ വനത്തിന്റെ ആഴങ്ങളിൽ ജീവിക്കുന്ന ജനങ്ങൾ അജ്ഞരും ഹീനരുമാണ്. അതിനാൽ ഒരു രാജ്യത്തെ അഭിവൃദ്ധിയിലേക്ക് നയിക്കുവാനുള്ള ആദ്യപടി അവിടുത്തെ കാടുകൾ പൂർണ്ണമായും വെട്ടിത്തെളിക്കുക എന്നതാണ്.'

ഈ മാറ്റങ്ങൾ, സംഭാഷണങ്ങൾ, അവയിലെ പുത്തൻ സങ്കേതങ്ങൾ, ഉപായങ്ങൾ പ്രത്യക്ഷപ്പെടുന്നത് മുൻ പറഞ്ഞിരുന്നത് പോലെയുള്ള അധിനിവേശ സാഹചര്യങ്ങളിലാണ്. അധിനിവേശത്തിന്റെ ധനതത്വ യുക്തികൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളാകുമ്പോഴേക്കും മാറിത്തുടങ്ങിയിരുന്നു. ഭരണച്ചിലവിന്റെ സ്രോതസ്സ് വ്യാപാരമിച്ചമെന്നതിൽ നിന്നും പ്രാദേശികമായി സമാഹരിച്ച വരുമാനമെന്നതിലേക്ക് മാറിക്കഴിഞ്ഞിരുന്നു. അതായത് ഭരണച്ചിലവിന്റെ അടിസ്ഥാനം കൃഷിഭൂമിയിൽ നിന്നുള്ള വരുമാനത്തിൽ നിന്നായിരുന്നു സമാഹരിച്ചിരുന്നത്. തിരുവിതാംകൂറിനെപ്പോലുള്ള നാട്ടുരാജ്യങ്ങൾ ഉയർന്ന കപ്പം കൊടുക്കാൻ ബാദ്ധ്യസ്ഥരായിരുന്നതിനാൽ ഭൂനികുതി പരിഷ്കരിക്കാനും ഭൂവുടമയിൽ നിന്നും കൂടുതൽ കരം വസ്സൂലാക്കാനും ഉതകുന്ന രീതിയിൽ ഭൂനിയമങ്ങൾ പരിഷ്കരിച്ചു കൊണ്ടിരുന്നു. 19–ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ യഥാർത്ഥത്തിൽ കൃഷി ചെയ്ത, ലഭ്യമായ വിളയുടെ നിശ്ചിത അംശമായിരുന്നു കരം. എന്നാൽ പിന്നീട് കരം വിലയുടെ ഭാഗം എന്നതിൽ നിന്നും വിളയുടെ മൂല്യത്തിന്റെ ഭാഗം എന്നു മാറിയതോടെ കരം പണമായി നൽകുന്ന വ്യവസ്ഥ സംജാതമായി. ഇത് പണാധിഷ്ഠിതമായ സാമൂഹ്യക്രമത്തിലേക്കുള്ള മാറ്റത്തിന്റെ സുപ്രധാനമായ ത്വരകം ആയിരുന്നു. എന്നാൽ ഈ മാറ്റങ്ങൾക്കും ഏറെമുൻപുതന്നെ ഭൂമിയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. ഭൂമിയിലെ വിളവിനെ അടിസ്ഥാനപ്പെടുത്തിയുള്ള നികുതി വ്യവസ്ഥയുടെ പരിമിതി കൃഷിചെയ്യാത്ത ഭൂമിയിൽനിന്നുള്ള കരം നഷ്ടമാകുന്നു എന്നതുമാത്രമല്ല ഭൂമി തരിശിടുന്നതിൽ നിന്നും കൃഷിക്കാരെ പിന്തിരിപ്പിക്കാൻ ഇത് പര്യാപ്തമല്ല എന്നതുകൂടിയായിരുന്നു. ഭൂമിയിൽ നിന്നുള്ള വരുമാനം പരമാവധി വർധിപ്പിക്കാൻ തരിശിടുന്ന ഭൂമിക്ക്കൂടി, അതായത് ഓരോതുണ്ട് കൃഷിയോഗ്യമായ ഭൂമിക്കും കരം ഈടാക്കുന്ന വ്യവസ്ഥ 19–ാം നൂറ്റാണ്ടിന്റെ മൂന്നാം പാദത്തോടെ തിരുവിതാംകൂറിൽ നിലവിൽ വന്നു. അന്ന് നിലവിലുണ്ടായിരുന്ന കാർഷിക സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഭൂമിയെ ഉത്പാദന ക്ഷമത അനുസരിച്ചു തരംതിരിച്ചു കരം നിശ്ചയിച്ചു. കൃഷിയോഗ്യമായ ഓരോ തുണ്ട് ഭൂമിയുടെയും അതിർത്തി, വിസ്തൃതി, ഉടമസ്ഥത, ഉത്പാദന ക്ഷമതയടിസ്ഥാനപ്പെടുത്തിയ കരം എന്നിവ നിശ്ചയിക്കാൻ വിശദമായ ഭൂവളവ് സമ്പ്രദായങ്ങളും സ്ഥിതിവിവര ശേഖരണവും വ്യവസ്ഥപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു. തിരുവിതാംകൂറിൽ 1883 വർഷത്തിൽ ഇതിനായി സർവ്വേ വകുപ്പ് പ്രവർത്തനമാരംഭിച്ചു. ഇവിടെ സുപ്രധാനമായകാര്യം ശ്രദ്ധേയമായകാര്യം ഈവിധ പരിഷ്കാരങ്ങളുടെ യുക്തി രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനായി ജനങ്ങളുടെ അദ്ധ്വാനശേഷിയെ ഉപയോഗ


കാട്ടിൽ നിന്നും മരം ട്രാംവേയിൽ മുറുച്ചു കടത്തുന്നു

ബോർദില്ലോണിന്റേത് തെറ്റിദ്ധരിക്കാൻ സാദ്ധ്യതയില്ലാത്ത വിധത്തിൽ സുവ്യക്തമായ പദ്ധതിയായിരുന്നു.
'കാടുകളാൽ മൂടപ്പെട്ടാൽ ഒരു രാജ്യത്തിനും സംസ്കാരികമായ പുരോഗതി നേടാൻ സാദ്ധ്യമല്ല എന്നതിന് പ്രത്യേകിച്ച് തെളിവുകൾ ആവശ്യമില്ല. കാട് തെളിച്ചു പ്രകാശത്തിനും വായുവിനും പ്രവേശനം നൽകാതെ ഒരു വിളയും സാദ്ധ്യമല്ല.  അതിനാൽ ഒരു രാജ്യത്തെ അഭിവൃദ്ധിയിലേക്ക് നയിക്കുവാനുള്ള ആദ്യപടി അവിടുത്തെ കാടുകൾ പൂർണ്ണമായും വെട്ടിത്തെളിക്കുക എന്നതാണ്.'

പ്പെടുത്തുക എന്നതായിരുന്നു. അദ്ധ്വാനിക്കുവാനായി മാനസികമായി പ്രേരിപ്പിക്കുവാൻ നിർബന്ധിതമാക്കുവാൻ ഉതകുന്ന ഈ വ്യവസ്ഥകൾ ജനസമൂഹത്തിനെ 'ഭരണവിധേയരാക്കാൻ' ഉണ്ടാക്കപ്പെട്ട പുത്തൻ ക്രമങ്ങൾ ആയിവേണം മനസ്സിലാക്കാൻ. കൃഷി ഭൂമിയിൽ അഥവാ നാട്ടിൽ നടപ്പിലാക്കിയ ഈ അച്ചടക്കപ്പെടുത്തൽ മനുഷ്യപ്രകൃതിയെയും, പ്രകൃതിയെയും ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായിരുന്നു. ഇതുവരെ സ്ഥിരവാസികൾ ആയ നാട്ടുകാരുടെ കൃഷി മാത്രമേ അച്ചടക്കപ്പെടുത്തലിന്/ വ്യവസ്ഥപ്പെടുത്തലിനു വിധേയമായിരുന്നുള്ളു. ഇതേ കാലഘട്ടത്തിൽ തന്നെയാണ് 1880 കളിൽ ബോർദില്ലോണിന്റെ പദ്ധതി വിഭാവനം ചെയ്യപ്പെടുന്നത് എന്നത് ഒരു യാദൃശ്ചികതയല്ല.

1888ൽ തിരുവിതാംകൂറിൽ വനശാസനം നടപ്പിലാക്കി. ഇതിന് രൂപം കൊടുത്തത് മദ്രാസ് വന നിയമത്തി(1882)ന്റെ ചുവടുപിടിച്ച് ആയിരുന്നു. 1878ൽ നിലവിൽ വന്ന ഇന്ത്യൻ വന നിയമം ഉണ്ടാക്കിയ പ്രതിഷേധങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് നിയമത്തെ കൂടുതൽ ജനകീയമാക്കാൻ മദ്രാസ് വനനിയമത്തിന്റെ രൂപീകരണത്തിൽ ശ്രദ്ധ ചെലുത്തിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് തിരുവിതാംകൂറിന്റെ വന ശാസനം രൂപം കൊണ്ടതെന്നതിനാൽ അത് വലിയ തോതിൽ സംഘടിതമായ പ്രതിഷേധത്തിന് വഴിവച്ചില്ല എന്നുപറയാം. എങ്കിലും കൃഷിയാവശ്യത്തിനും കാലിമേക്കലിനുമായി വനം ലഭ്യമല്ലാത്തതിനെച്ചൊല്ലിയുള്ളപരാതികൾ പ്രജാസഭയിൽ ധാരാളമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ബോർദില്ലോണിന്റെ റിപ്പോർട്ടും, വന ശാസനവും തുടർന്നു 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ നടപ്പിൽ വരുത്തിയ വനം വകുപ്പിന്റെ റേഞ്ച്ഡിവിഷൻ അടിസ്ഥാനത്തിലുള്ള പുനഃക്രമീകരണവും 1889ൽ ബോർദില്ലോൺ മുഖ്യവനപരിപാലകനായി ചുമതല എടുക്കുകയും ചെയ്തതോടെ തിരുവിതാംകൂറിൽ 'ശാസ്ത്രീയ വനപരിപാലന'ത്തിലേക്കുള്ള പരിവർത്തനം കുറിച്ചു എന്നുപറയാം.

## എന്താണ് ശാസ്ത്രീയ വനപരിപാലനം?

ഇന്ത്യയിൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽത്തന്നെ വേരുപിടിച്ച ശാസ്ത്രീയ വനപരിപാലനത്തിന്റെ ഉത്ഭവം ജർമ്മനിയിലും അതുപുഷ്ടിപ്പെട്ടത് ഫ്രാൻസിലും ആണെന്നു പറയാം. 18-ാം നൂറ്റാണ്ടിലെ യുദ്ധക്കെടുതിയിലാണ്ട ജർമ്മനിയിലെ രാഷ്ട്രപുനരുജ്ജീവന പ്രസ്ഥാനങ്ങളുടെ യുക്തിയും മുഖമുദ്രയുമായ, വിഭവങ്ങളുടെ പൂർണ്ണ നിയന്ത്രണം പ്രത്യേകിച്ചും സാമ്പത്തികമായ അച്ചടക്കം കേന്ദ്രീകരണം എന്നിവയുടെ പശ്ചാത്തലത്തിൽ വേണം ശാസ്ത്രീയ വനപരിപാലനത്തിന്റെ പ്രകൃതത്തെ വിശകലനം ചെയ്യുവാൻ. ഈ നയപരിപാടികളെ കാമെറൽ എന്നും അതിന്റെ പ്രയോഗങ്ങളെ കാമെറലിസ്റ്റ് ശാസ്ത്രങ്ങൾ എന്നും വിശേഷിപ്പിക്കുന്നു. ഇത്തരത്തിൽ രാഷ്ട്രത്തിന്റെ സാമ്പത്തിക ചട്ടക്കൂടിൽ വനത്തെ കൊണ്ടുവരുന്ന രീതിശാസ്ത്രമായാണ് ശാസ്ത്രീയ വനപരിപാലനത്തിന്റെ വികാസം. ആദ്യകാലങ്ങളിൽ തടി, വിറക് മുതലായവയുടെ മിതവ്യയത്തിൽ നിന്നും വളരെപ്പെട്ടെന്നു തന്നെ ഇവയുടെ ഉൽപ്പാദനത്തിൽ ഊന്നിയ സങ്കേതങ്ങളിലൂടെയും അവ നടപ്പിലാക്കാൻ ഉതകുന്ന മാനവ ശേഷി വികസിപ്പിക്കാൻ പരിശീലന സംവിധാനങ്ങൾ വൻതോതിൽ സ്ഥാപിച്ചുകൊണ്ടും ഒരുപ്രയുക്ത ശാസ്ത്ര ശാഖയായി വനപരിപാലനം സംസ്ഥാപിതമായി. 'ധനശാസ്ത്ര യുക്തിക്ക് വനത്തെ വിധേയമാക്കുന്നതിനു മുൻപേതന്നെ അതിനെ പരിമാണികമായി (അക്കങ്ങളിൽ/അളവുകളിൽ) വിവരിക്കുക' എന്നതായിരുന്നു ഈ ജർമ്മൻ പ്രയുക്ത ശാസ്ത്രത്തിന്റെ കാതൽ. ഇത്തരത്തിൽ വിവരിക്കപ്പെട്ട വനത്തിൽ നിന്നും നിശ്ചിത അളവ് തടി വാർഷിക വിളവായി ചൂഷണം ചെയ്യവേ തന്നെ വനത്തിന്റെ പുനരുൽപ്പാദനത്തെ ആസ്പദമാക്കി ചാക്രികമായ രീതിയിൽ എങ്ങനെ സ്ഥിരമായി ഈ വിളവുറപ്പുവരുത്താം എന്നതായിരുന്നു ഈ കാമെറാലിസ്റ്റ് ശാസ്ത്രത്തിന്റെ ഉത്കൃഷ്ടമായ സംഭാവനയായി കരുതുന്നത്. എന്നാൽ പരിമാണികമായി (അക്കങ്ങളിൽ/അളവുകളിൽ) വിവരിക്കുക എന്നാൽ ഓരോ വൃക്ഷത്തിന്റെയും തടിയുടെ വാർഷികവർദ്ധനയും അവയുടെ എണ്ണവും വനത്തിൽ അവയുടെ വിതരണവും കണക്കെടുത്ത്, വനപ്രദേശത്തെ അളന്നുതിരിച്ചു പ്ലോട്ടുകൾ ആക്കി അവയിലോരോന്നിന്റെയും ചാക്രിക തടിവിളവു നിശ്ചയിച്ചു തടിവെട്ടലിന്റെ സമയപ്പട്ടിക തയ്യാറാക്കുന്നത് വരെ ഉൾപ്പെടും. ഇതനുസരിച്ച് വന ആസൂത്രണത്തിന്റെ മൂന്നു ഘട്ടങ്ങൾ 1. ജിയോമെട്രിക് സർവ്വേ , 2. തടിയുടെ അളവ് കണക്കാക്കൽ 3. വനത്തിലെ തടിയുടെ അളവിനെ വാർഷിക പദ്ധതി വരവ്ചെലവ് കണക്കുകളുമായി ബന്ധപ്പെടുത്തുക എന്നിവയാണ്. എല്ലാ അർത്ഥത്തിലും ഈ നടപടിക്രമങ്ങൾ വനപരിപാലനത്തെ വിദഗ്ധരുടെ സവിശേഷജ്ഞാനം കയ്യാളുന്നവരുടെ കുത്തകയും പൂർണ്ണമായും സർക്കാറിന്റെ നിയന്ത്രണത്തിലും മാത്രമുള്ള വിഷയമാക്കുന്നതിൽ കലാശിച്ചു. വനപ്രദേശത്തിന്മേൽ ഭരണകൂടത്തിനു അഥവാ വനം വകുപ്പിനുള്ള സ്വേഛാധിപത്യപരമായ നിയന്ത്രണം ഇത്തരത്തിലുള്ള ശാസ്ത്രത്തിന്റെ പ്രയുക്തതയ്ക്ക് മുന്നുപാധിയായിതീർന്നു എന്നതാണ് ഈ സംഭവവികാസങ്ങളുടെ ആകെത്തുക.

ഒരു വനപ്രദേശം, അതിനെ ശാസ്ത്രീയമായി പരിപാലിക്കണമെങ്കിൽ പൂർണ്ണമായും സർക്കാർ അധീനതയിൽ ആയിരിക്കണം എന്ന ഈ ധാരണയെ അധികരിച്ചാണ് പിൽക്കാലത്ത് ബ്രിട്ടീഷ് ഇന്ത്യയിലെയും തിരുവിതാംകൂറിലെയും വന മേഖലകൾ അവിടങ്ങളിലെ പരമ്പരാഗത സമൂഹങ്ങളുടെ അവകാശങ്ങളെ അസാധുവായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനങ്ങളിലൂടെ സർക്കാറിന്റേതായി പ്രഖ്യാപിക്കപ്പെട്ടത്. ബ്രിട്ടീഷ് ഇന്ത്യയുടെ വനത്തിന്റെ ആദ്യ ഇൻസ്പെക്ടർ ജനറൽ ആയി ബ്രാൻഡിഡ് എന്ന ജർമ്മൻ സസ്യശാസ്ത്രൻ 1860 കളിൽ നിയമിതനാകുന്നതോടെയാണ് ഇന്ത്യയിൽ ജർമ്മൻ - ഫ്രഞ്ച് പാരമ്പര്യത്തിലുള്ള ശാസ്ത്രീയ വനപരിപാലനം സ്ഥാപനവത്ക്കരിക്കപ്പെടുന്നത്. ബോർദില്ലോണിന്റെ കണക്കുകൂട്ടലിൽ തിരുവിതാംകൂറിന്റെ ജനങ്ങളുടെ പുരോഗതിക്ക് അനുസൃതമായി നിലനിർത്തേണ്ടുന്ന വനപ്രദേശം 3385

ചതുരശ്ര കിലോമീറ്റർ ആയിരുന്നു. ബാക്കിവരുന്ന വനത്തെ സംരക്ഷിക്കാൻ പണം ചിലവഴിക്കുന്നതിനു ബോർദില്ലോൺ അനുകൂലമായിരുന്നില്ല. രാജ്യത്തെ കൂടുതൽ ആരോഗ്യമുള്ളതും അഭിഗമ്യവും ആക്കിത്തീർക്കും എന്നതിനാൽ ഈ വനഭൂമി വെട്ടിത്തെളിക്കുന്നതിനും അദ്ദേഹം അനുകൂലമായിരുന്നു. എങ്കിലും 1908 ൽ ബോർദില്ലോണിന്റെ കാലഘട്ടത്തിൽതന്നെ മൊത്തം റിസർവ് വനമേഖലയുടെ വിസ്തീർണം 6000 ചതുരശ്ര കിലോമീറ്റർ ആയിക്കഴിഞ്ഞിരുന്നു.

ബോർദില്ലോൺ ഭാവനയിൽക്കണ്ടപ്രകാരം 1890 തുടർന്നുള്ളകാലഘട്ടത്തിൽ 60 ഓളം റിസർവ് വനമേഖലകൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. ഓരോ റിസർവ് മേഖലയിലും 'വിളവെടുപ്പിന്നായി' മുൻവിവരിച്ച പ്രകാരത്തിലുള്ള വിശദമായ സർവ്വെ , അതിർത്തി നിർണ്ണയിക്കൽ, ഭൂപട നിർമ്മാണം, മരങ്ങളുടെ തടി ലഭ്യതയുടെ മതിപ്പ് തയ്യാറാക്കാനുള്ള കണക്കെടുപ്പ്, തടിവെട്ടലിന്റെ കാലക്രമം നിർണ്ണയിക്കൽ മുതലായവ അടങ്ങിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ എന്നിവ വനം വകുപ്പ് ഏറ്റെടുത്തു. ഇതിനായി പ്രത്യേക സർവ്വെ വിഭാഗം പ്രവർത്തിച്ചുവന്നു. വനപാലകരെ പരിശീലിപ്പിക്കാൻ വനവിദ്യാലയം തുറന്നു പ്രവർത്തിച്ചു. വനംവകുപ്പിലെ ഉന്നത സ്ഥാനം വഹിക്കുന്നവരെ ബ്രിട്ടീഷ് ഇന്ത്യയിലെ വനവിദ്യാലയങ്ങളിലും, വന ഗവേഷണ സ്ഥാപനങ്ങളിലും ഫ്രാൻസിലെയും ജർമ്മനിയിലെയും സർവ്വകലാശാലകളിലും വന പരിശീലന സ്ഥാപനങ്ങളിലും അധിക പരിശീലനത്തിനായി അയച്ചു. വന സസ്യങ്ങളുടെ, പ്രത്യേകിച്ചു തടി മൂല്യമുള്ള മരങ്ങളെ തിരിച്ചറിയാനായി, വനപാലകർക്ക് സസ്യവർഗ്ഗീകരണ ശാസ്ത്ര പരിചയം നൽകാനായി 'തിരുവിതാംകൂറിലെ കാട്ടുമരങ്ങൾ' എന്നഗ്രന്ഥം ബോർദില്ലോൺ എഴുതി. കണക്കെടുപ്പും അളന്നു തിരിക്കലും ഭൂപട നിർമ്മാണവും പോലെ ഇത്തരം പ്രവർത്തനങ്ങൾ എല്ലാം തന്നെ തങ്ങൾ പ്രവർത്തിക്കുന്ന പ്രദേശത്തെക്കുറിച്ച് അറിവുൽപ്പാദിപ്പിക്കാനും അതിലൂടെ പ്രകൃതിയെ വിഭവമാക്കാനും നിയന്ത്രിക്കാനും ഉതകുന്ന ആധുനിക ഉപായങ്ങളാണ്.

വളരെക്കാലം നീണ്ടുനിന്ന ശ്രമങ്ങളുടെ ഫലമായി 1920 ഓടെ വനമേഖലയിൽ നടന്നു വന്നിരുന്ന മാറ്റകൃഷി പൂർണ്ണമായും നിരോധിച്ചു. വനത്തിൽ മാറ്റകൃഷിയിൽ ഏർപ്പെട്ടു പോന്ന കർഷകരെ സ്ഥിരകൃഷിയിലധിഷ്ടിതമായ ജീവിതരീതി സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന നയരൂപീകരണങ്ങൾ നടത്തി. സ്ഥിരകൃഷിയിൽ നിന്നുമുള്ളതിലേറെ വിളവു മാറ്റകൃഷിയിൽ ഉത്പാദിപ്പിക്കാൻ സാധ്യമാണെന്ന് അറിയെത്തന്നെ സ്ഥിരകൃഷിയിലേക്കുള്ള മാറ്റത്തെ പ്രോത്സാഹിപ്പിച്ചതിലും മാറ്റകൃഷി നിരുത്സാഹപ്പെടുത്തിയതിലും പ്രത്യയശാസ്ത്രപരമായ ചായ്‌വുകൾ കാണാം. മാറ്റകൃഷിക്കെതിരെയുള്ള വാദങ്ങളിൽ ചിലത് ബാലിശമായി തോന്നാം. 1. മാറ്റകൃഷിയുടെ രീതി വളരെ പ്രാകൃതമാണ്, 2. മാറ്റകൃഷി ഭൂനികുതി വ്യവസ്ഥയ്ക്കും ഒപ്പം നിയമവാഴ്ചയ്ക്കും വെല്ലുവിളി സൃഷ്ടിക്കുന്നു 3. മാറ്റകൃഷിക്കാർ വിദ്യാഭ്യാസത്തിലൂടെ ഉന്നതി നേടാൻ ശ്രമിക്കാതെ പ്രാകൃതരായിത്തുടരുന്നു എന്നിങ്ങനെ. മാറ്റകൃഷിമൂലം വനസമ്പത്തിനുള്ള ശോഷണം മുതലായ ന്യായങ്ങൾ ഉയർത്തുമ്പോഴും ഹൈറേഞ്ചിൽ കാപ്പി, ചായത്തോട്ടങ്ങൾ സ്ഥാപിക്കാൻ യൂറോപ്യൻ സംരഭകർക്കും, പശ്ചിമഘട്ടത്തിന്റെ താഴെച്ചരിവുകളിൽ വനം വകുപ്പിന് വനത്തോട്ടങ്ങൾ ഉണ്ടാക്കുവാനും തടിവെട്ടാനും വൻ തോതിൽ കാടുതെളിയിച്ചുകൊണ്ടിരുന്നു. ഇവിടെ കലഹം, അടിസ്ഥാനപരമായും ലക്ഷ്യത്തിന്റെയും രീതിയുടെയും ശാസ്ത്രീയതയെയും അവ ഭരണകൂടത്തിനു മുതൽക്കൂട്ട് ആകുമോ എന്നതിനെയും ചൊല്ലിയാണെന്നത് വ്യക്തമാണ്.

മലവാസികളുടെ അധിവാസ മേഖലകളിൽ തർക്കപരിഹാരത്തിന്നും ഊരുമൂപ്പനെ മാറ്റുന്നതിനുമുള്ളതടക്കം പൂർണ്ണാധികാരം ഡി.എഫ്.ഒയിൽ നിക്ഷിപ്തമാകുന്ന വിധത്തിൽ മലവാസി നിയമത്തിനു രൂപംകൊടുത്തു. വനവാസികൾ കൂടുതൽ പ്രാകൃതരാകയാൽ നാട്ടുകാരായ ജാത്ത്യധിഷ്ഠിത സമൂഹത്തിൽ നിന്നും വിഭിന്നമായി ഭരിക്കപ്പെടേണ്ടവരായി വകതിരിക്കപ്പെടുന്നതിന്റെ തുടക്കം ഇവിടെയാണ്.

ഇക്കാലയളവിൽത്തന്നെ വനംവകുപ്പ് വിവിധയിനം വനത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിൽ വ്യാപൃതരായിരുന്നു. വനത്തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള സാങ്കേതിക വിദ്യകളുടെ വികസനത്തിനു പുറമേ വിവധ തടിയിനങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കാനുള്ള സീസണിങ്ങ് സമ്പ്രദായങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭകങ്ങളിലും വനം വകുപ്പ് മുതലിറക്കിയിരുന്നു.

വനത്തിനുള്ളിൽ സ്ഥിരതാമസമുള്ള ആദിവാസി സമൂഹങ്ങളുടെ മാറ്റകൃഷി, അവർ നിശ്ചിത സ്ഥലങ്ങളിൽ മാത്രം ആവർത്തന കൃഷിയായി നടത്തുന്ന രീതിയിൽ ക്രമീകരിച്ചത് വനത്തിൽ നിന്നും ആദിവാസികളെ പുറത്തേക്ക് കൊണ്ടുവന്നാൽ തടിവെട്ടലിന്നും തടിയിതര വനവിഭവങ്ങളെ ശേഖരണത്തിന്നും ആവശ്യമായ തൊഴിൽബലം നഷ്ടമാകുമെന്നതിനാലാണ്. മലവാസികളുടെ അധിവാസ മേഖലകളിൽ തർക്കപരിഹാരത്തിന്നും ഊരുമൂപ്പനെ മാറ്റുന്നതിനുമുള്ളതടക്കം പൂർണ്ണാധികാരം ഡി.എഫ്.ഒയിൽ നിക്ഷിപ്തമാകുന്ന വിധത്തിൽ മലവാസി നിയമത്തിനു രൂപംകൊടുത്തു. വനവാസികൾ കൂടുതൽ പ്രാകൃതരാകയാൽ (പ്രകൃതിയോട് ചേർന്ന് ജീവിക്കുന്നവർ) നാട്ടുകാരായ ജാതൃധിഷ്ഠിത സമൂഹത്തിൽ നിന്നും വിഭിന്നമായി ഭരിക്കപ്പെടേണ്ടവരായി വകതിരിക്കപ്പെടുന്നതിന്റെ തുടക്കം ഇവിടെയാണ്. ജാതി-ഗോത്ര ദ്വന്ദത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യത്യസ്ത ഭരണതന്ത്രങ്ങ

ളുടെ തുടക്കവും ഇതുതന്നെ. ക്രമേണ, അടിമുടി വൈദേശിക വിദ്യാഭ്യാസം നേടിയ ഡോക്ടർ കുഞ്ഞൻപിള്ള എന്ന കാർഷിക വിദഗ്ദ്ധനെ അമരത്ത് ഇരുത്തിക്കൊണ്ട് കൃഷി വകുപ്പും 1908ൽ തുടങ്ങിയതോടെ കാടും നാടും ആധുനികമായ രീതിയിൽ ശാസ്ത്രീയ പ്രയോഗരീതികളിലൂടെ വ്യതിരിക്തമാക്കപ്പെട്ടു. കാട്ടിൽ ചെയ്യേണ്ടുന്ന കാര്യങ്ങൾ എന്തെന്നും നാട്ടിൽ അനുവദനീയമായ രീതികൾ ഏതെന്നുമുള്ള ശാസ്ത്രീയമായ ക്രമപ്പെടുത്തലിൽ കൂടെയാണ് ഈ തരം തിരിവ് സാധ്യമാക്കിയത്. അശാസ്ത്രീയമായതും, പ്രാകൃതമായതും, മേൽച്ചൊന്ന ക്രമപ്പെടുത്തലിനെ വെല്ലുവിളിക്കുന്നതുമായ വ്യാപാരങ്ങളെ നിരോധിച്ചു. നാട്ടുകാർ നടത്തിവന്ന മാറ്റകൃഷി അങ്ങിനെയാണ് നിരോധിക്കാനിടവന്നത്. ഓരോ തുണ്ടുഭൂമിക്കും നിയമാനുസൃതമായ നികുതിദായകൻ ഉണ്ടായിരിക്കുക, അയാൾ മുൻ നിശ്ചയപ്രകാരം നികുതി നൽകുക എന്നീ ക്രമങ്ങൾക്ക് വിരുദ്ധമായതിനാലാണ്, നികുതി നിശ്ചയിക്കുന്നതിനും വസൂലാക്കുന്നതിന്നും വിഷമം നേരിടുന്നതിനാലാണ് മാറ്റകൃഷി നിരോധിച്ചത് എന്നുനാം കണ്ടുവല്ലോ.

വികസനാധുനികത, ഇപ്രകാരം സവിശേഷജ്ഞാനമുള്ള വിദഗ്ധന്മാരുടെ രംഗപ്രവേശനത്തിനു വഴിയൊരുക്കി. ഈവൈദഗ്ദ്ധ്യങ്ങൾ മനുഷ്യനെയും പ്രകൃതിയെയും എതിർ നിർത്തിക്കൊണ്ടു നിത്യജീവിതത്തെ ക്രമപ്പെടുത്തുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നുണ്ട്. ശാസ്ത്രീയമെന്നു വ്യവഹരിക്കപ്പെട്ട സങ്കേതങ്ങളുടെ ചോദ്യം ചെയ്യപ്പെടാതെയുള്ള സ്വീകരണം ഈ കാഴ്ച്ചപ്പാടിന് സാർവ്വലൗകികമായ പ്രയുക്തതയുണ്ടെന്ന ധാരണയുടെ പരിണതഫലമാണ്. പ്രകൃതിയെ ഈ പുത്തൻ വൈദഗ്ധ്യത്താൽ കണക്കുകൂട്ടലുകളിലൂടെ പ്രവചന സാധ്യമാക്കാം എന്ന പ്രതീതിയും ഇതിലൂടെ പ്രതിഷ്ഠാപനം ചെയ്യപ്പെട്ടു. പുത്തൻ നിയമവാഴ്ചയുടെ, രാഷ്ട്ര നിർമ്മാണ പദ്ധതികളുടെ, 'ഭരണവിധേയരായ' ജനതയുടെ നിർമ്മിതിയുടെ അടിസ്ഥാനം ഇത്തരം ആത്മവിശ്വാസങ്ങളായിരുന്നു. ഇത്തരത്തിൽ മനുഷ്യ-പ്രകൃതി ദ്വന്ദങ്ങൾ നിത്യജീവിതത്തിൽ രൂഢമൂലമായിക്കഴിഞ്ഞപ്പോൾ നമുക്ക് ലഭിച്ച ആധുനികതയുടെ പരിണതിയും അതിന്റെ പുനരുൽപാദനത്തിന്റെ കാരണവുമാണ് വികസന മനസ്ഥിതി. ഈ വികസന മനസ്ഥിതിയാകട്ടെ സാധാരണവും സ്വാഭാവികവും ആയി അനുഭവപ്പെടുമ്പോൾ ചെറുത്തുനിൽപ്പുകൾക്ക് ഇടം നൽകാത്തവിധം ആധിപത്യ സ്വഭാവമുള്ളതായിത്തീരുന്നു. വികസനമനസ്ഥിതി എന്നത് ഒരു ജനത അബോധത്തിൽ സ്വാംശീകരിച്ചു കഴിഞ്ഞ, സ്വയം തിരിച്ചറിയാത്ത സമയക്രമവും മാനകവ്യവസ്ഥയും കൂടിയാണ്. അതിനാലാണ് 1880കളിൽ ബോർദില്ലോൺ നടത്തിയ പ്രസ്താവങ്ങൾ നമ്മുടെ ചർച്ചയ്ക്ക്പ്രസക്തമായിത്തീരുന്നത്. ഈ പ്രസ്താവങ്ങളുടെ ആന്തരാർത്ഥങ്ങളിലേക്ക് ഒരു പുനഃസന്ദർശനം നടത്തിയാൽ അവ. "പ്രകൃതിക്ക് വശംവദനാകാതെ, പ്രകൃതിയുടെ സ്വാധീനങ്ങളിൽ നിന്നും മുക്തിനേടി യുക്തിയുടെയും, ശാസ്ത്രത്തിന്റെയും, വിവേകത്തിന്റെയും വെളിച്ചത്തിൽ പ്രകൃതിയെ പുനരവലോകനം നടത്തുവാനും പ്രകൃതിയിൽ നിന്നും അകലം പാലിച്ച്, പ്രകൃതിയെ വിഭവമായി – അസംസ്കൃതവസ്തുവായി മാറ്റാനുള്ള പുത്തൻ സങ്കേതങ്ങളെ – ജ്ഞാനവ്യവസ്ഥകളെ സ്വാംശീകരിക്കാനുള്ള പദ്ധതിയിലേക്കുള്ള ക്ഷണപത്രമായിരുന്നു എന്ന് മനസിലാക്കാം. ഒപ്പം തന്നെ അവ ഇനിയും സ്വാംശീകരിച്ചിട്ടില്ലാത്ത ഏറെ ആശാസ്യമായ ഒരു ആയിത്തീരലിലേക്കുള്ള സ്വാഗത സന്ദേശം കൂടിയാണ്. ഇത് പുതിയ ഒരു കാലക്രമത്തെപറ്റിയുള്ള അറിയിപ്പും നൽകുന്നുണ്ട്. എത്തിച്ചേരേണ്ടുന്നതും ആശാസ്യവും ആയ ഭാവിയെക്കുറിച്ചുള്ള അറിയിപ്പുകൾ, വർത്തമാനത്തിന്റെ കുറവുകളും അവയുടെ പരിഹാരത്തിനുതകുന്ന സങ്കേതങ്ങളെയും കുറിക്കുന്ന അറിയിപ്പുകൾ."

ഇത്തരം അറിയിപ്പുകളെ സ്വയംവരം ചെയ്തു സത്യമായി വ്യവഹരിക്കുന്ന ജനതയ്ക്ക്, അവയുടെ പുറകിലെ സാമ്പത്തിക അധിനിവേശ ലക്ഷ്യങ്ങൾ വ്യക്തമായിക്കൊള്ളണമെന്നില്ല. അതിനാലാണ് വികസനമെന്ന അലങ്കാരച്ചെപ്പിൽ ഒളിച്ചുവച്ചാൽ ഏതു യുക്തിരഹിതമായ ആശയവും നമുക്ക് സ്വീകാര്യമാകുന്നത്. അതിനെ ചോദ്യം ചെയ്യുന്നവർ ദേശദ്രോഹികളും ശാസ്ത്രവിരുദ്ധരുമായി മുദ്രകുത്തപ്പെടുന്നത്. വികസനമനസ്ഥിതിയും അതിന്റെ പ്രായോഗിക പരിപാടികളും ചേർന്നുള്ളതിനെയാണ് നാമിന്നു ഭരണനിർവഹണമായി ധരിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനമാകട്ടെ, വികസനാധുനികതയുടെ പ്രകൃതിയും – മനുഷ്യനും എന്ന സവിശേഷമായ വേർതിരിവും അതിലധിഷ്ഠിതമായ പ്രവർത്തന പദ്ധതിയും. അധിനിവേശ സാഹചര്യങ്ങളിൽ ജനതതിയുടെ കാഴ്ചപ്പാടുകളെ, പ്രവർത്തനങ്ങളെ, ജീവിതത്തെ പൂർണ്ണമായും പുനഃസംവിധാനം ചെയ്ത ഈ ആശയ സഞ്ചയത്തിന്റെ സ്വാധീനം പശ്ചിമഘട്ട പ്രാന്തങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. എങ്കിലും പ്രാദേശിക ഭേദങ്ങളിലും ഭരണവിധേയരായ ജനതതിയുടെ ഉത്സാഹത്തിനും അനുസരിച്ചു പ്രകൃതിയുടെയും മനുഷ്യപ്രകൃതിയുടെയും പുനർരചന അതിന്റേതായ നിറഭേദങ്ങളോടെ നമുക്ക് പ്രത്യക്ഷമാണ്. പശ്ചിമഘട്ട മലനിരകളുടെയും അവയുടെ പരിരക്ഷണത്തെയും സുസ്ഥിതിയെയും പറ്റി ഉൽക്കണ്ഠപ്പെടുമ്പോൾ, അവയുടെ പുനരുജീവനത്തിനായുള്ള രൂപരേഖകൾ തിരയുമ്പോൾ അവയുടെ വർത്തമാനത്തിന്റെ ചരിത്രം നമുക്ക് ഉൽഖനനം ചെയ്യേണ്ടതായിട്ടുണ്ട്. അതെ, സർക്കാർവനം മനസ്സിലാണ് ആദ്യം ഉരുവം കൊണ്ടത്, മരുഭൂമികൾ രൂപംകൊള്ളുന്നത് ആദ്യം മനസ്സിലാണ് എന്നത് പോലെത്തന്നെ.

**അവലംബം:**

Raju, S. (2003). Developmental Modernity: Man and Nature in the Discourse of Wealth and Labour. Contemporary India: Journal of the Nehru Memorial Museum and Library, 2, 45-74.
Bourdillon.T.F. (1893). Report on the Forests of Travancore. Trivandrum: Travancore Government Press.
Bourdillon.T.F. (1908). The Forest Trees of Travancore. Trivandrum.